Web & New Media

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ്- 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് I ഷെഡ്യൂൾ ലിസ്റ്റ് III - ൽ ഇനം നമ്പർ 49 B എൻട്രി ആയുള്ള NAIDU എന്നത് NAIDU (BALIJA, KAVARAI, GAVARA, GAVARAI, GAVARAI NAIDU, BALIJA NAIDU, GAJALU BALIJA or VALAI CHETTY) എന്നാക്കി മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.7/2025/BCDD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:- 1.) 07/03/2019 തീയതിയിലെ സ.ഉ.(കൈ) നം.05/2019/SCDD നമ്പർ ഉത്തരവ്.

2) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 29/05/2024 - ലെ റിപ്പോർട്ട്.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഇനം നമ്പർ 49 B ആയി ഉൾപ്പെട്ടിട്ടുള്ള 'നായിഡു' സമുദായത്തിന്റെ ഉപവിഭാഗമായി 'ഗവറ' സമുദായത്തെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ മുമ്പാകെ നിവേദനം ലഭിച്ചിരുന്നു.

2. ഈ വിഷയത്തിൽ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കിയിരുന്ന ഉപദേശത്തിൽ BALIJA, KAVARAI, GAVARA, GAVARAI, GAVARAI NAIDU, BALIJA NAIDU, GAJALU BALIJA or VALAI CHETTY എന്നീ സമുദായങ്ങൾ സംസ്ഥാന ഓ ബി സി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് കീർത്താഡ്സിന്റെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ടി വിഭാഗങ്ങളെ സംസ്ഥാന ഓ.ബി.സി പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്നും ആയതിനാൽ BALIJA, KAVARAI, GAVARA, GAVARAI, GAVARAI NAIDU, BALIJA NAIDU, GAJALU BALIJA or VALAI CHETTY സമുദായങ്ങളെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി, 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് I ഷെഡ്യൂൾ ലിസ്റ്റ് III - ൽ ഇനം നമ്പർ 49 B എൻട്രി ആയുള്ള NAIDU എന്നത് NAIDU (BALIJA, KAVARAI, GAVARA, GAVARAI, GAVARAI NAIDU, BALIJA NAIDU, GAJALU BALIJA or VALAI CHETTY) എന്നാക്കി മാറ്റം വരുത്താവുന്നതാണെന്നും പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിക്കുകയും 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ്

സർവ്വീസസ് റൂൾസ് പാർട്ട് I ഷെഡ്യൂൾ ലിസ്റ്റ് III - ൽ ഇനം നമ്പർ 49 B എൻട്രി ആയുള്ള 'NAIDU' എന്നത് ' NAIDU (BALIJA, KAVARAI, GAVARA, GAVARAI, GAVARAI NAIDU, BALIJA NAIDU, GAJALU BALIJA or VALAI CHETTY) ' എന്നാക്കി മാറ്റം വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (17.12.2025 - ലെ ഇനം നം. 3442 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Niza A
Date: 23-12-2025 15:00:2(

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകപ്പ് ഡെപ്യൂട്ടി സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ

ഡ്യൂട്ടി യുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്